കോളേജുകൾ	പട്ടികജാതി	പട്ടികവർഗ്ഗ വിഭാഗം
സർക്കാർ	265	44
എയ്ഡഡ്	113	15
സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ	289	11
സ്വാശ്രയ കോളേജുകൾ	825	471

(ii) അവസാനഘട്ട അലോട്ട്മെന്റിൽ ഒഴിഞ്ഞുകിടന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത സീറ്റുകൾ

കോളേജുകൾ	പട്ടികജാതി	പട്ടികവർഗ്ഗ വിഭാഗം
സർക്കാർ	ഇല്ല	ഇല്ല
എയ്ഡഡ്	ഇല്ല	ഇല്ല
സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ	ഇല്ല	ഇല്ല
സ്വാശ്രയ കോളേജുകൾ	417	459

പെരിന്തൽമണ്ണ പോളിടെക്നിക്ക് കോളേജിന്റെ ഭൂമി

118 (1147) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ പോളിടെക്നിക്കിന്റെ ഉടമസ്ഥതയിൽ വഴിക്കടവിലുള്ള ഭൂമിയിൽ നിന്നുള്ള 50 സെന്റിൽ സയൻസ് പാർക്ക് -കം- ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുന്നതിന് എൻ.ഒ.സി. നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഭൂമിയുടെ ഉടമസ്ഥതാവകാശം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിർത്തി ഭൂമി നൽകുന്നതിന് എൻ.ഒ.സി. നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി, പെരിന്തൽമണ്ണ ഗവൺമെന്റ് പോളിടെക്നിക്കിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നതാണോ എന്ന് പരിശോധിച്ചശേഷം ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

തൃക്കരിപ്പൂർ നടക്കാവ് പോളിടെക്നിക്ക് കോളേജിലെ കെട്ടിടം പണി

119 (1148) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നടക്കാവ് പോളിടെക്നിക്ക് കോളേജിലെ കെട്ടിടങ്ങളുടെ മുടങ്ങിക്കിടക്കുന്ന പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

തൃക്കരിപ്പൂർ നടക്കാവ് പോളിടെക്നിക്ക് കോളേജിലെ ഹോസ്റ്റൽ കെട്ടിടങ്ങളുടെയും ജീവനക്കാരുടെ ക്വാർട്ടേഴ്സിന്റെയും മുടങ്ങിക്കിടന്ന നിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി 6-12-2014-ലെ ജി.ഒ.(ആർ.ടി.) നമ്പർ 2893/2014/H.Edn. ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു എന്നും സാങ്കേതികാനുമതി ലഭിച്ച് ടെൻഡർ നടപടി പൂർത്തീകരിച്ചാൽമാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളുവെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

ചടയമംഗലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ദുരിതാശ്വാസ പ്രവൃത്തികൾ

120 (1149) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വെള്ളപ്പൊക്ക ദുരിതാശ്വാസം, വരൾച്ച ദുരിതാശ്വാസം എന്നീ ഇനങ്ങളിലുള്ള വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

വെള്ളപ്പൊക്കം, വരൾച്ച ദുരിതാശ്വാസ പ്രവൃത്തികൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുവദിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly